# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 230 — 03/02/2020-ൽ മറുപടിക്ക്

## ഡയാലിസിസ് യൂണിറ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി യു. പ്രതിഭ** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, ജില്ലാ ജനറൽ ആശുപത്രികളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീരോഗനിർണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതാണ്. രോഗനിർണയത്തോടൊപ്പം തന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലീരോഗനിയന്ത്രണ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറു ദിവസവും ജീവിതശൈലീ ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന വിവിധ പരിശോധനകൾ പ്രീചെക്ക് ക്ലിനിക്കുകളിലൂടെ നടത്തി വരികയും ചെയ്യുന്നു. ഗുരുതര ശ്വാസകോശരോഗമായ COPD നിയന്ത്രിക്കുന്നതിനുള്ള ശ്വാസ് പദ്ധതിയും വിഷാദരോഗം കണ്ടെത്തുന്നതിനുള്ള ആശ്വാസ് പദ്ധതിയും എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രവർത്തനസജ്ജമാണ്. ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്കുകൾ എന്നിവയും ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രാവർത്തികമായിക്കൊണ്ടിരിക്കുകയാണ്. ഇതിനു പുറമേ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെ കുറിച്ച് ആരോഗ്യ ബോധവത്ക്കരണവും നൽകി വരുന്നു. ജീവിതശൈലീരോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും |

ജില്ലാ - ജനറൽ - താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ ക്ലിനിക്കുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക്ക് ഫൂട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. ജീവിതശൈലീരോഗങ്ങളുടെ വ്യാപ്തിയും അതിലേക്ക് നയിക്കുന്ന കാരണങ്ങളെ കുറിച്ചും മനസ്സിലാക്കുന്നതിനായി 'കിരൺ' എന്ന പേരിൽ ഒരു ബൃഹദ് സർവ്വെയും ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്.

ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ,

ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കിഫ്ബി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി പുതുതായി 36 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചു.

ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

| നമ്പർ | ജില്ല | ആശുപത്രികളുടെ എണ്ണം (കിഫ്ബി) |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 5 |
| 3 | ആലപ്പുഴ | 3 |
| 4 | പത്തനംതിട്ട | 4 |
| 5 | തൃശ്ശൂർ | 4 |
| 6 | എറണാകുളം | 5 |
| 7 | പാലക്കാട് | 2 |
| 8 | മലപ്പുറം | 1 |
| 9 | കോഴിക്കോട് | 2 |
| 10 | വയനാട് | 1 |
| 11 | കണ്ണൂർ | 6 |
| 12 | കാസർഗോഡ് | 1 |
| | ആകെ | 36 |

സി) കായംകുളം താലൂക്കാശുപത്രിയിൽ നിലവിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ ഉണ്ട്; പുതുതായി എത്ര യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്; പുതുതായി അനുവദിച്ച യൂണിറ്റുകളുടെ നിർമ്മാണ പുരോഗതി എന്താണെന്ന് വിശദമാക്കാമോ?

സി) നിലവിൽ കായംകുളം താലൂക്ക് ആശുപത്രിയിൽ ഒരേ സമയം 4 രോഗികൾക്ക് ഡയാലിസിസ് ചികിത്സ നൽകുവാൻ സാധിക്കും. പുതുതായി 10 ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിച്ച് മറ്റൊരു ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. 2020 ജൂലൈ മാസത്തോടു കൂടി രണ്ടാമത്തെ കേന്ദ്രം പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ